# പതിമൂന്നാം കേരള നിയമസഭ

## (ഒൻപതാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6161 09/07/13-ൽ മറുപടിയ്ക്ക്

**തീര വികസന കോർപ്പറേഷൻ ലക്ഷ്യമിട്ടതും പ്രഖ്യാപിച്ചിട്ടുളളതുമായ പദ്ധതികൾ.**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.എ.എം; ആരിഫ്<br>ശ്രീ;ബാബു.എം.പാലിശ്ശേരി<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന തീര വികസന കോർപ്പറേഷൻ ലക്ഷ്യമിട്ടതും പ്രഖ്യാപിച്ചിട്ടുളളതുമായ പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ; | : | തീരദേശ വികസന കോർപ്പറേഷൻ ലക്ഷ്യമിട്ടിട്ടുളളതും പ്രഖ്യാപിച്ചിട്ടുളളതുമായ പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. |
| (ബി) പ്രഖ്യാപിത പദ്ധതികളിൽ ഇനിയും നടപ്പിലാക്കാൻ സാധ്യമായിട്ടില്ലാത്തവ ഏതൊക്കെ; വിശദമാക്കാമോ; | : | ഹഡ്കോയുടെ ധനസഹായത്തോടെ 6000 മത്സ്യ ത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ചു നൽകുന്ന പദ്ധതി നടപ്പാക്കുന്നതിനുളള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 200 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പാക്കുവാൻ 150 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകുന്ന തിനുളള നടപടി സ്വീകരിച്ചു വരുന്നു. എൻ.എഫ്.ഡി.ബി -യുടെ ധന സഹായത്തോടെ സംസ്ഥാനത്തുടനീളം 53 ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടതിൽ 29 മാർക്കറ്റുകളുടെ പദ്ധതി തയ്യാറാക്കി അംഗീകാരം നൽകി, പദ്ധതി നിർവ്വഹണം ആരംഭിച്ചു കഴിഞ്ഞു. ബാക്കി 24 മാർക്കറ്റ് നിർമ്മിക്കാനായുളള സാധ്യതാപഠനം നടത്തി പ്രൊപ്പോസൽ എൻ.എഫ്.ഡി.ബി -യ്ക്ക് നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | കേന്ദ്ര സർക്കാർ, എൻ.എഫ്. സി.ബി, നബാർഡ്, വാണിജ്യ ബാങ്കുകൾ, ദേശീയധനസഹായ സ്ഥാപനങ്ങൾഎന്നി വിടങ്ങളിൽ നിന്ന് സ്വരൂപി ക്കാൻ ലക്ഷ്യമിട്ട തുകയും പദ്ധതികളും സംബന്ധിച്ച് വിശദമാക്കാമോ; ഭൗതീകവും സാമ്പത്തികവുമായ നേട്ടങ്ങൾ വെളിപ്പെടുത്താമോ; | : പ്രസ്തുത പദ്ധതികൾ ചുവടെ ചേർക്കുന്നു. |

| | പദ്ധതിയുടെ പേര് | ലക്ഷ്യമിട്ട തുക |
|---|---|---|
| 1. | ഹഡ്കോയുടെ നസഹായത്തോടെ മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ചു നൽകുന്ന പദ്ധതി | : 167 കോടി |
| 2. | നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്ര ക്ച്ചർ ഫണ്ട് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി സമഗ്ര തീര വികസന പദ്ധതി. | : 200 കോടി |
| 3. | നാഷണൽ ഫിഷറീസ് ഡെവലപ് മെന്റ് ബോർഡിന്റെ ധനസഹായ ത്തോടെ ആധുനിക ശുചിത്വ മത്സ്യ മാർക്കറ്റുകൾ നിർമ്മാണം. | : 105 കോടി |

| | | |
|---|---|---|
| (ഡി) | മത്സ്യത്തൊഴിലാളി മേഖല കളിൽ അടിസ്ഥാന സൗകര്യ ങ്ങൾ ഒരുക്കുന്നതിനും ക്ഷേമ പ്രവർത്തനങ്ങൾക്കുമായി എത്ര കോടി രൂപയുടെ പദ്ധതി യായിരുന്നു 2012-2013-ൽ ലക്ഷ്യ മിട്ടത്; ആ വർഷം എത്ര ശതമാനം തുക ചെലവഴിച്ചു? | : മത്സ്യത്തൊഴിലാളി മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയ്ക്കായി 50 കോടി രൂപയും റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി സമഗ്ര തീര വികസന പദ്ധതിയ്ക്കായി 50 കോടി രൂപയും ലക്ഷ്യമിട്ടിരുന്നു. ഇതിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയ്ക്കായി 6,53,36,000/- രൂപ 30/03/13-ൽ തീരദേശ വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട്. ടി തുക ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ ധൃതഗതിയിൽ നടന്നുവരികയാണ്. |

സെക്ഷൻ ആഫീസർ